**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 291** **27-01-2026 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ - പൊതുവിതരണവകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം "കെസ്റ്റോർ" പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിലെ ഒൻപത് റേഷൻ കടകൾ നിലവിൽ കെ സ്റ്റോറുകളായി പ്രവർത്തിച്ചു വരുന്നു.<br><br>"അതി ദാരിദ്ര്യ നിർമാർജ്ജന" പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ റേഷൻ കാർഡില്ലാത്ത അതിദരിദ്രർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുകയും അവയെല്ലാം എ.എ.വൈ (മഞ്ഞ) വിഭാഗത്തിലേയ്ക്ക് തരം മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്<br><br>അശരണരായവർക്കും കിടപ്പുരോഗികൾക്കും അർഹതപ്പെട്ട റേഷൻ ഭക്ഷ്യധാന്യങ്ങൾ വീടുകളിൽ നേരിട്ട് എത്തിച്ച് നൽകുന്ന "ഒപ്പം' പദ്ധതിക്ക് ഈ സർക്കാരിന്റെ കാലത്ത് തുടക്കം കുറിക്കുകയും ചാത്തന്നൂർ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ളതുമാണ്.<br><br>"സുജലം പദ്ധതി" വഴി റേഷൻകടകളിലൂടെ കുറഞ്ഞ നിരക്കിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്ന പദ്ധതിയും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികൾക്കായി സർക്കാർ പ്രത്യേകം തുക അനുവദിക്കുന്നില്ല.<br><br>ചാത്തന്നൂർ മണ്ഡലത്തിൽ സപ്ലൈകോ മുഖേന പുതിയതായി ആരംഭിച്ച / അപ്ഡേറ്റ് ചെയ്ത വിൽപ്പനശാലകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പ് നാളിതുവരെ എത്ര കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നാളിതുവരെയായി 9 കെ- സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## ചാത്തന്നൂർ മണ്ഡലത്തിൽ സപ്ലൈകോ മുഖേന പുതിയതായി ആരംഭിച്ച/ അപ്ഡേറ്റ് ചെയ്ത വിൽപ്പനശാലകളുടെ വിവരങ്ങൾ

| ക്രമ നം. | ആരംഭിച്ച തീയതി | വിൽപ്പനശാല | വിശദവിവരങ്ങൾ | അനുവദിച്ച/ ചെലവായ തുക |
|---|---|---|---|---|
| **1** | **21/07/2021** | ആദിച്ചനല്ലൂർ സൂപ്പർ മാർക്കറ്റ് | പുതിയത് | **9,85,073** |
| **2** | **21/07/2021** | മൈലക്കാട് സൂപ്പർ മാർക്കറ്റ് | അപ്ഗ്രേഡേഷൻ | **7,68,123** |

**അഡ്വ ജി ആർ അനിൽ**

**MINISTER**